പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1541 — 13/06/2014- ൽ മറുപടിക്ക്

<u>ചാലക്കുടി മൃഗാശുപത്രി കോമ്പൗണ്ടിൽ പുതിയ ട്രെയിനിംഗ് ഹാൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി; | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ചാലക്കുടി ആർ.എ.ഐ.സി.യുടെ ഉപയോഗത്തിലേക്കായി ചാലക്കുടി മൃഗാശുപത്രി കോമ്പൗണ്ടിൽ അനുവദിച്ച പുതിയ ട്രെയിനിംഗ് ഹാളിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>ബി) നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | <u>എയും ബിയും.</u><br>ചാലക്കുടി മൃഗാശുപത്രി കോമ്പൗണ്ടിൽ അനുവദിച്ച പുതിയ ട്രെയിനിംഗ് ഹാൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിയ്ക്കായി ചാലക്കുടി മുനിസിപ്പൽ സെക്രട്ടറിയ്ക്കും, ചെയർമാനും, സോഷ്യൽ ഫോറസ്ട്രി ആഫീസർക്കും കത്ത് നൽകിയിരുന്നു. എന്നാൽ മൃഗാശുപത്രിയുടെ സമീപത്ത് ട്രെയിനിംഗ് ഹാൾ പണിയുന്ന പക്ഷം ആശുപത്രിയുടെ ഭാവി വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന നിഗമനത്തിൽ മുനിസിപ്പൽ അധികൃതർ അനുമതി ഇതുവരെ നൽകിയിട്ടില്ല. പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഈ നിർമ്മാണപ്രവർത്തനങ്ങൾക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. മുനിസിപ്പൽ അധികൃതരുടെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ